**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **07-02-2023 - ൽ മറുപടിയ്ക്ക്**

**വലിയതോവാള ക്രിസ്തുരാജ ഹൈസ്കൂൾ ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തോവാള-ഇരട്ടയാർ റോഡിന് വീതി കൂട്ടുന്നതിനായി ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ വലിയതോവാളയിൽ പ്രവർത്തിക്കുന്ന ക്രിസ്തുരാജ ഹൈസ്കൂൾ സ്ഥലം വിട്ടു നൽകിയിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (എ) | തോവാള-ഇരട്ടയാർ റോഡിന് വീതി കൂട്ടുന്നതിനായി ക്രിസ്തുരാജ ഹൈസ്കൂൾ സ്ഥലം വിട്ടു തന്നിരുന്നു. |
| (ബി) | അപകട ഭീഷണി ഒഴിവാക്കുന്നതിനായി പ്രസ്തുത ഭാഗത്ത് ഭാഗികമായി സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകിയിട്ടുണ്ടോ; | (ബി) | അപകട ഭീഷണിയുള്ള ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. |
| (സി) | ബാക്കി ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കാത്തത് സ്കൂൾ കുട്ടികൾക്കും വഴിയാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ബാക്കി ഭാഗത്ത് നിലവിൽ 7 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തി ഉണ്ട്. |
| (ഡി) | ഈ ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ റോഡിന്റെ കട്ടിംഗ് സൈഡിൽ 80 മീറ്റർ നീളത്തിൽ 7 മീറ്റർ ഉയരത്തിൽ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ടി സംരക്ഷണ ഭിത്തിയുടെ മുകളിലായി ഏതാണ്ട് 70 സെന്റീമീറ്റർ ഉയരത്തിൽ ഇനിയും കെട്ടേണ്ടതായിട്ടുണ്ട്. അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും. ഏകദേശം 5 ലക്ഷം രൂപ ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ